**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 949** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>മൂളപ്പുറം - വെള്ളായിക്കോട് പാലം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് - മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന, കൊണ്ടോട്ടി - കുന്ദമംഗലം മണ്ഡലത്തിലുൾപ്പെടുന്ന വാഴയൂർ, പെരുമണ്ണ പഞ്ചായത്തുകളിലെ മൂളപ്പുറം വെള്ളായിക്കോട് കടവിൽ ചാലിയാർ പുഴക്ക് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** എങ്കിൽ പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** മൂളപ്പുറം - വെള്ളായിക്കോട് പാലം നിർമ്മാണത്തിനായി ₹3,700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചിരുന്നുവെങ്കിലും ബഡ്ജറ്റ് പ്രൊവിഷന്റെ അഭാവത്തിൽ പ്രവൃത്തി ഡെഫർ ചെയ്തിട്ടുള്ളതാണ്.

**(സി)** നിരവധി തവണ തോണി അപകടം നടക്കുകയും ആറ് പേർ മരണപ്പെടുകയും ചെയ്ത ഈ കടവിൽ പാലം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**